LIBRARY ARCHIVES Kerala Legislative Assembly

യു.എ.പി.എ. പ്രകാരം ചാർജ് ചെയ്ത കേസുകൾ

162 (2981) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽവന്നശേഷം യു.എ.പി.എ. ചുമത്തി ഏതെല്ലാം കേസുകളാണ് ചാർജ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ; ഇവ ഓരോന്നിലേയും പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യു.എ.പി.എ. ചുമത്തിയ ഒരു കേസ്സിലും കേരള പോലീസ് ചാർജ് ഷീറ്റ് ചെയ്തിട്ടില്ല.

എം.എസ്.പി. പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്

163 (2982) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 സെപ്റ്റംബർ 2-ന് നിലവിൽ വന്ന എം.എസ്.പി. പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെയായി എത്ര പേർക്ക് നിയമനം നൽകി വിശദമാക്കാമോ ;

(ബി) നിലവിൽ എം.എസ്.പി. പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട ചെയ്യുന്ന കാര്യത്തിൽ എന്തെങ്കിലും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത തസ്തികയിലെ മുഴുവൻ ഒഴിവുകളും അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എം.എസ്.പി. ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് 454 അഡ്വൈസുകൾ എം.എസ്.പി. യിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യഘട്ട മെഡിക്കൽ പരിശോധനയിൽ 239 പേർ ഹാജരാകുകയും ആയതിൽ 155 പേർക്ക് നിയമനം നൽകുകയും ചെയ്തു. ബാക്കിയുള്ള 84 പേരിൽ 73 എൻ.ജെ.ഡി. കൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ബാക്കി വരുന്ന 11 പേരിൽ 4 പേർ എക്സ്റ്റൻഷനു